ICPS-1/20231/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS, പൂജപ്പുര, തിരുവനന്തപുരം
തീയതി: 05.08.2016

## സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICPS - ശൈശവ വിവാഹ നിരോധനം - ത്രൈമാസ റിപ്പോർട്ടുകൾ അയച്ചു തരുന്നത് - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 12.8.15 ലെ ഐ.സിപിഎസ്1-20231/15 നമ്പർ സർക്കുലർ.

മേൽ സൂചന പ്രകാരം ഓരോ ജില്ലയിലും നടത്തിയ ശൈശവ വിവാഹ നിരോധന പ്രവർത്തനം സംബന്ധിച്ച് 2008 ലെ ശൈശവ വിവാഹ നിരോധന ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രകാരം ഫോറം നമ്പർ 2 ൽ ശൈശവ വിവാഹ നിരോധന ഓഫീസർമാരിൽ നിന്നും ഓരോ ത്രൈമാസത്തിലെയും റിപ്പോർട്ടുകൾ സ്വീകരിച്ച് ക്രോഡീകരിച്ച് തൊട്ടടുത്ത മാസം 25-ാം തീയതിയ്ക്ക് മുമ്പായി അയച്ചു തരണമെന്ന് ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നല്കിയിരുന്നു.

എന്നാൽ ഭൂരിപക്ഷം ജില്ലാ ശിശുസംരക്ഷണ ഓഫീസർമാരും ത്രൈമാസ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുകയാണ്. ഓരോ ത്രൈമാസം കഴിയുമ്പോഴും ഒന്നോ രണ്ടോ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ മാത്രമാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്. ബഹു. ഹൈക്കോടതിയും സർക്കാരും ഈ ഓഫീസിനോട് ഇത് സംബന്ധിച്ച വിവരം ആവശ്യപ്പെടുമ്പോൾ നല്കാൻ സാധിക്കാതെ വരുന്നു. ഡി.സി.പി.ഒ. മാരുടെ ഈ വീഴ്ച വളരെ ഗൗരവമായി കാണുന്നു.

ഈ സാഹചര്യത്തിൽ 1.4.2016 മുതൽ 30.6.2016 വരെയുള്ള ഈ സാമ്പത്തിക വർഷത്തെ ആദ്യ ത്രൈമാസ റിപ്പോർട്ട് നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 20.8.2016 ന് മുമ്പായി ഡി.സി.പി.ഒ. മാർ അയച്ചു തരേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.